# ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല, കാലടി

## 30.11.2017 ന് 11.00 മണിക്ക് സിൻഡിക്കേറ്റ് ഹാളിൽ വച്ച് നടന്ന 46-ാമത് അക്കാദമിക് കൗൺസിൽ യോഗത്തിന്റെ നടപടി ചുരുക്കം

**പങ്കെടുത്തവർ**

| | | | |
|---|---|---|---|
| 1 | ഡോ.ധർമ്മരാജൻ പി.കെ., വൈസ് ചാൻസിലറുടെ ചുമതല വഹിക്കുന്ന പ്രൊ വൈസ് ചാൻസിലർ | - | ഒപ്പ് |
| 2 | ഡോ.ടി.പി.രവീന്ദ്രൻ, രജിസ്ട്രാർ | - | ഒപ്പ് |
| 3 | ഡോ.കെ.വി.നകുലൻ, ഉറുദു വകുപ്പ് മേധാവി | - | ഒപ്പ് |
| 4 | ഡോ.പി.കെ.പോക്കർ, ഫിലോസഫി | - | ഒപ്പ് |
| 5 | ഡോ.എൻ.വിജയമോഹനൻ പിള്ള | - | ഒപ്പ് |
| 6 | ഡോ.എസ്.രാമചന്ദ്രൻ നായർ,ഡീൻ, ഇന്റോളജി | - | ഒപ്പ് |
| 7 | ശ്രീ കെ.കെ.കൃഷ്ണകുമാർ നാടകവിഭാഗം വകുപ്പ് തലവൻ | - | ഒപ്പ് |
| 8 | ഡോ.എസ്.വിജയകുമാരി സംസ്കൃതം ജനറൽ വകുപ്പ് മേധാവി | - | ഒപ്പ് |
| 9 | ഡോ.കെ.മുത്തുലക്ഷ്മി, വേദാന്തം | - | ഒപ്പ് |
| 10 | ഡോ.യമുന കെ, വ്യാകരണം | - | ഒപ്പ് |
| 11 | ഡോ.രേണുക കെ.സി., ന്യായം | - | ഒപ്പ് |
| 12 | ഡോ.ബി.ചന്ദ്രിക, വേദാന്തം വകുപ്പ് മേധാവി | - | ഒപ്പ് |
| 13 | ഡോ.എച്ച്.ശൈലജ, സൈക്കോളജി വകുപ്പ് മേധാവി | - | ഒപ്പ് |
| 14 | ഡോ.പ്രീതി കെ, മ്യൂസിക് വകുപ്പ് മേധാവി | - | ഒപ്പ് |
| 15 | ഡോ.എം.മണിമോഹനൻ, വ്യാകരണ വകുപ്പ് മേധാവി | - | ഒപ്പ് |
| 16 | ഡോ.ദിലീപ് കെ.ജി., സോഷ്യോളജി വകുപ്പ് മേധാവി | - | ഒപ്പ് |
| 17 | പ്രൊഫ. എം.കുഞ്ഞിമൊയ്തീൻകുട്ടി, അറബിക് | - | ഒപ്പ് |
| 18 | ഡോ.പി.രവി, ഹിന്ദി വകുപ്പ് മേധാവി | - | ഒപ്പ് |
| 19 | ഡോ.സംഗമേശൻ കെ.എം., സാഹിത്യ വകുപ്പ് | - | ഒപ്പ് |
| 20 | പ്രൊഫ. കേശവൻ കെ.പി., ഡീൻ | - | ഒപ്പ് |
| 21 | ഡോ.സി.രാജേന്ദ്രൻ | - | ഒപ്പ് |
| 22 | ഡോ.വി.ആർ.മുരളീധരൻ, സാഹിത്യ വകുപ്പ് മേധാവി | - | ഒപ്പ് |
| 23 | ഡോ.ലാൻസലറ്റ് ടി.എസ്., ജ്യോഗ്രഫി വകുപ്പ് മേധാവി | - | ഒപ്പ് |
| 24 | ഡോ.വി.ജി.ഗോപാലകൃഷ്ണൻ, സിൻഡിക്കേറ്റ് മെമ്പർ | - | ഒപ്പ് |
| 25 | ഡോ.ടി.മിനി, സിൻഡിക്കേറ്റ് മെമ്പർ | - | ഒപ്പ് |
| 26 | ഡോ.ശ്രീകല എം.നായർ, ഫിലോസഫി വകുപ്പ് മേധാവി | - | ഒപ്പ് |
| 27 | ഡോ.സജിത കെ.ആർ, സിൻഡിക്കേറ്റ് മെമ്പർ | - | ഒപ്പ് |
| 28 | ഡോ.ഷംഷാദ് ഹുസൈൻ കെ.ടി. | - | ഒപ്പ് |

| | | | |
|---|---|---|---|
| 29 | പ്രൊഫ.മോഹൻദാസ് എസ്., സിൻഡിക്കേറ്റ് മെമ്പർ | – | ഒപ്പ് |
| 30 | ഡോ.ബാബു ജോസഫ്., സിൻഡിക്കേറ്റ് മെമ്പർ | – | ഒപ്പ് |
| 31 | ഡോ.നെസ്സി ഡി., സിൻഡിക്കേറ്റ് മെമ്പർ | – | ഒപ്പ് |
| 32 | ഡോ.സി.എം.മനോജ്കുമാർ | – | ഒപ്പ് |
| 33 | ഡോ.സാജു ടി.എസ്. | – | ഒപ്പ് |
| 34 | ഡോ.ബിജു വിൻസന്റ് | – | ഒപ്പ് |
| 35 | ഡോ.ജി.ഗംഗാധരൻ നായർ, ഡീൻ | – | ഒപ്പ് |
| 36 | ഡോ.ജോസ് ആന്റണി, സോഷ്യൽ വർക്ക് വകുപ്പ് മേധാവി | – | ഒപ്പ് |
| 37 | ഡോ.സി.വേണുഗോപാലൻ നായർ, ഡാൻസ് വകുപ്പ് മേധാവി | – | ഒപ്പ് |
| 38 | ഡോ.കെ.വി.അജിത്കുമാർ | – | ഒപ്പ് |
| 39 | ശ്രീ ജ്യോതിലാൽ, പെയിന്റിംഗ് വകുപ്പ് മേധാവി | – | ഒപ്പ് |
| 40 | ഡോ.ജേക്കബ് തോമസ് പുതുപ്പള്ളിൽ, ആയുർവേദ വകുപ്പ് മേധാവി | – | ഒപ്പ് |
| 41 | ഡോ. പ്രമീള കെ.പി. | – | ഒപ്പ് |
| 42 | ലിബിന കെ.സെബാസ്റ്റ്യൻ | – | ഒപ്പ് |
| 43 | പ്രൊഫസർ കെ.കെ.വിശ്വനാഥൻ, സിൻഡിക്കേറ്റ് മെമ്പർ | – | ഒപ്പ് |
| 44 | ഡോ.പി.സി.മുരളീ മാധവൻ | – | ഒപ്പ് |
| 45 | ഡോ.കെ.ജി.രാമദാസൻ, സിൻഡിക്കേറ്റ് മെമ്പർ | – | ഒപ്പ് |
| 46 | പ്രൊഫസർ തോമസ് കെ.ജോബ്, സിൻഡിക്കേറ്റ് മെമ്പർ | – | ഒപ്പ് |
| 47 | ഡോ.പി.വി.ഔസേഫ് | – | ഒപ്പ് |
| 48 | ഡോ.നിർമ്മല ദേവി | – | ഒപ്പ് |
| 49 | കെ.കെ.അംബികാദേവി, സംസ്കൃതം ന്യായം വകുപ്പ് മേധാവി | – | ഒപ്പ് |

46–ാമത് അക്കാദമിക് കൗൺസിൽ യോഗം മൗനപ്രാർത്ഥനയോടുകൂടി ആരംഭിച്ചു.

## I. അഭിസംബോധന (Introduction by the Chair)

വൈസ് ചാൻസിലറുടെ ചുമതല വഹിക്കുന്ന പ്രൊ വൈസ് ചാൻസിലർ ഡോ.ധർമ്മരാജൻ പി.കെ എല്ലാവരേയും അഭിസംബോധന ചെയ്യുകയും റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു.

**റിപ്പോർട്ട്**

യോഗത്തിലേക്ക് എല്ലാ അംഗങ്ങളെയും സ്വാഗതം ചെയ്യുന്നു.

ഡോ. ധർമ്മരാജൻ പി. കെ എന്ന ഞാൻ വൈസ് ചാൻസലറുടെ പൂർണ്ണ അധിക ചുമതല ഏറ്റെടുത്തതിനു ശേഷം വിളിച്ചുചേർക്കുന്ന പ്രഥമവും ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ 46–ാമത്തേതുമായ അക്കാദമിക് കൗൺസിൽ യോഗത്തിലേക്ക് എല്ലാ അംഗങ്ങളെയും ഹാർദ്ദമായി സ്വാഗതം ചെയ്യുന്നു. അക്കാദമിക് കൗൺസിലിലേക്ക് പുതുതായി തെരഞ്ഞെടുക്കപ്പെട്ട വിവിധ പഠന വകുപ്പുകളിലെ

അദ്ധ്യാപകരെയും നോമിനേറ്റ് ചെയ്യപ്പെട്ട അക്കാദമിക പണ്ഡിതൻമാരെയും വിദ്യാർത്ഥികളെയും അഭിനന്ദിക്കുന്നു.

പ്രമുഖ ബഹിരാകാശ ശാസ്ത്രജ്ഞനും, ഐ.എസ്.ആർ.ഒ. മുൻ ചെയർമാനുമായിരുന്ന പ്രൊഫസർ യു. ആർ റാവു, ഇന്ത്യൻ ശാസ്ത്രജ്ഞനും, പ്രഗൽഭ അക്കാദമിക പണ്ഢിതനുമായിരുന്ന പ്രൊഫ. യശ്പാൽ, പ്രമുഖ ഗാന്ധിയനും സ്വാതന്ത്ര്യ സമര സേനാനിയുമായിരുന്ന ശ്രീ.കെ.സി മാമ്മൻ, സാഹിത്യനിരൂപകനും, സംസ്കൃത സർവകലാശാല മലയാള വിഭാഗം മുൻ അദ്ധ്യാപകനുമായിരുന്ന പ്രൊഫ. പി. മീരാക്കുട്ടി, പത്രപ്രവർത്തക ശ്രീമതി ഗൗരി ലങ്കേഷ്, അഭിനയ പ്രതിഭ ശ്രീ. എം.എസ് നമ്പൂതിരി, അഭിനേത്രി തൊടുപുഴ വാസന്തി, മുൻ മന്ത്രി ശ്രീ. ഇ.ചന്ദ്രശേഖരൻ നായർ, പ്രശസ്ത സാഹിത്യകാരൻ ഡോ.പുനത്തിൽ കുഞ്ഞബ്ദുള്ള, ഉത്തർപ്രദേശിലെ ആശുപത്രിയിൽ ദാരുണമായി മരണപ്പെട്ട കുഞ്ഞുങ്ങൾ, നമ്മിൽ നിന്നും വേർപിരിഞ്ഞ മറ്റ് കലാ സാംസ്കാരിക, രാഷ്ട്രീയ രംഗത്തുള്ളവരുടെയും, മറ്റ് മേഖലകളിലുള്ളവരുടേയും നിര്യാണത്തിൽ ഈ യോഗം അനുശോചനം രേഖപ്പെടുത്തുന്നു.

06.06.2017ൽ നടന്ന അക്കാദമിക് കൗൺസിൽ യോഗത്തിന് ശേഷം സർവകലാശാലയിൽ ഉ ായ പ്രധാനപ്പെട്ട സംഭവങ്ങൾ എല്ലാ അംഗങ്ങളുടേയും ശ്രദ്ധയിൽപ്പെടുത്തുന്നു.

1. ജൂൺ 23 -ാം തീയതി ഉച്ചക്ക് 2 മണിക്ക് മുൻ വൈസ് ചാൻസലർ ഡോ. എം.സി ദിലീപ്കുമാറിന് സർവകലാശാല സമൂഹം സമുചിതമായ യാത്രയയപ്പ് നൽകി. ജൂൺ 26 ന് അദ്ദേഹം ഔദ്യോഗിക സേവനത്തിൽനിന്ന് വിരമിക്കുകയും പ്രോ വൈസ് ചാൻസലറായ ഡോ. ധർമരാജൻ പി.കെ വൈസ് ചാൻസലറുടെ പൂർണ്ണ ചുമതല ഏറ്റെടുക്കുകയും ചെയ്തു. ഈ ര ് അവസരങ്ങളിലും സർവകലാശാലാ സമൂഹത്തിന്റെ സാന്നിധ്യം ഉ ായിരുന്നു.

2. ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെയും മനുഷ്യ വിഭവ ശേഷി വികസന മന്ത്രാലയത്തിന്റെയും ആഭിമുഖ്യത്തിൽ ഡിജിറ്റൽ ഇനിഷ്യേറ്റീവ്സ് ഇൻ ഹയർ എഡ്യൂക്കേഷൻ എന്ന വിഷയത്തെ അധികരിച്ച് ന്യൂഡൽഹിയിൽ ജൂലൈ 8,9,10 തീയതികളിൽ നടന്ന കോൺഫറൻസിൽ സ്റ്റേറ്റ് ഫ ഡ് യൂണിവേഴ്സിറ്റി വൈസ് ചാൻസലർമാരുടെ യോഗത്തിൽ വൈസ് ചാൻസലർ ഇൻ ചാർജായ ഡോ. പി.കെ ധർമരാജൻ പങ്കെടുത്തു. ജൂലൈ 21 -ാം തീയതി കോട്ടയം മഹാത്മാഗാന്ധി സർവകലാശാലയിൽ വച്ച് ബഹുമാനപ്പെട്ട ചാൻസലറുടേയും പ്രോ-ചാൻസലറുടേയും സാന്നിധ്യത്തിൽ കേരളത്തിലെ എല്ലാ സർവകലാ ശാലയുടെയും വൈസ് ചാൻസലർമാരുടെ യോഗം സംഘടിപ്പിച്ചിരുന്നു. തദവസരത്തിലും സംസ്കൃത സർവകലാശാലയെ പ്രതിനിധീകരിച്ച് വൈസ് ചാൻസലർ ഇൻ ചാർജ്ജ് പങ്കെടുത്തിരുന്നു.

3. സർവകലാശാലയിൽ സംസ്കൃത വിഭാഗങ്ങളുടെ നേതൃത്വത്തിൽ സംസ്കൃത ദിനാചരണം 2017 ഓഗസ്റ്റ് 23ന് നടത്തി. സംസ്കൃത വിജ്ഞാന മണ്ഡലത്തിനു വിപുല സംഭാവനകൾ നൽകിയ ഡോ. ടി. ആര്യാദേവി, പാണിവാദ തിലകൻ ശ്രീ. പി.കെ നാരായണൻ നമ്പ്യാർ, വൈദ്യശാസ്ത്രമേഖലയിലെ പ്രതിഭ ആവണപറമ്പ് മഹേശ്വരൻ നമ്പൂതിരിപ്പാട് എന്നിവരെ ആദരിച്ചു. ശങ്കരജയന്തി യുടെ ര ാം ഘട്ട ആഘോഷങ്ങളുടെ ഭാഗമായി സർവകലാശാലയിലെ ചിത്രകലാ വിഭാഗത്തിന്റെ നേതൃത്വത്തിൽ അദ്വൈത ദർശനത്തെ ആസ്പദമാക്കി 'സംരാധനം' എന്ന പേരിൽ സെപ്റ്റംബർ 19,20,21 തീയതികളിൽ ത്രിദിന ചിത്രകലാ ക്യാമ്പും മൂന്ന് ദിവസം നീ ുനിന്ന ദേശീയ സെമിനാറും സംഘടിപ്പിക്കുകയു ായി.

4. Pandit Subbarama Pattar Endowment National Conference on New Horizons of Indological Research സർവകലാശാലയിൽ സ്ഥാപിക്കുന്നതിന് ബഹു. ചാൻസലർ ഒക്ടോബർ 23 -ാം തീയതി അംഗീകാരം നൽകിയിട്ടു ്. ശ്രീ. ആർ വെങ്കിട കൃഷ്ണൻ നൽകുന്ന 15 ലക്ഷം രൂപ സ്ഥിര നിക്ഷേപത്തിന്റെ പലിശ ഉപയോഗിച്ച് വർഷം തോറും ദേശീയ അന്തർദേശീയ സെമിനാർ സംഘടിപ്പിക്കുക എന്നതാണ് എൻഡോവ്മെന്റിന്റെ ലക്ഷ്യം.

5. സർവകലാശാലയിൽ കേരള സർക്കാരിന്റെ ആഹ്വാനപ്രകാരം കേരളപിറവി ദിനാഘോഷവും മാതൃഭാഷാ വാരാചരണവും സംഘടിപ്പിച്ചു. മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ലെറ്റേഴ്സിലെ ഡോ.പി.എസ് രാധാകൃഷ്ണൻ പഠനത്തിലും ഭരണത്തിലും മാതൃ ഭാഷയുടെ പ്രാധാന്യം എന്ന വിഷയത്തിൽ നവംബർ ഒന്നാം തീയതി മുഖ്യ പ്രഭാഷണം നടത്തി. ഒരാഴ്ചക്കാലം നീ ുനിന്ന മലയാള ഭാഷയിലുള്ള വിവിധ മൽസരങ്ങൾ അനദ്ധ്യാപകർക്കായി സംഘടിപ്പിച്ചു.

6. നവംബർ 9 മുതൽ 11 വരെ തീയതികളിൽ ബാംഗ്ളൂരിൽ വച്ച് നടന്ന 6-ാമത് യൂണിയൻ ഓഫ് ജ്യോഗ്രഫിക് ഇൻഫർമേഷൻ ടെക്നോളജിസ്റ്റ് (യു.ജി.ഐ.റ്റി) അന്തർദേശീയ സെമിനാറിൽ ഭൂമി ശാസ്ത്ര ഗവേഷകയായ ബ്രില്ലാ ബാൽസം ജെ യ്ക്ക് 2017-18 ലെ യംഗ് ടെക്നോളജിസ്റ്റ് അവാർഡ് ലഭിച്ചു. ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ മിനിസ്ട്രി ഓഫ് സയൻസ് ആൻഡ് ടെക്നോളജി നൽകുന്ന ഡി.എസ്. ടി - ഇൻസ്പയർ ഫെല്ലോഷിപ്പ് -2017 ഭൂമിശാസ്ത്ര ഗവേഷകയായ ശരണ്യ യു. വിനും ലഭിച്ചു. ര ുപേരെയും ഈ അവസരത്തിൽ ഭിനന്ദിക്കുന്നു.

7. സർവകലാശാലയിലെ സാമൂഹ്യ പ്രവർത്തന വിഭാഗവും സാമൂഹ്യ പ്രവർത്തകരുടെ അഖിലേന്ത്യ അസോസ്സിയേഷനായ എൻ.എ.പി.എസ്. ഡബ്യൂ.ഐ യും സംയുക്തമായി സംഘടിപ്പിച്ച അഞ്ചാമത് ഇന്ത്യൻ സോഷ്യൽ വർക്ക് കോൺഗ്രസ് നവംബർ 10,11,12 തീയതികളിൽ സർവകലാശാലയിൽ വച്ച് നടന്നു. ചെന്നൈ ടിസ് ഫൗ ഷൻ ചെയർമാൻ പദ്മശ്രീ. ശാന്തി രംഗനാഥൻ ഉദ്ഘാടനം ചെയ്യുകയും മുബൈ ടാറ്റ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പ്രൊഫ.എസ് പരശുരാമൻ മുഖ്യ പ്രഭാഷണം നടത്തുകയും മുൻ വൈസ്-ചാൻസലർ ഡോ.എം.സി. ദിലീപ് കുമാർ സ്മരണിക പ്രകാശനം നടത്തുകയും ചെയ്തു. സർവകലാശാലയിലെ സാമൂഹ്യ പ്രവർത്തന വിഭാഗത്തിന്റെ ആദ്യകാല അധ്യാപകരെ പുരസ്കാരം നൽകി ആദരിക്കുകയു ായി. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികളും അദ്ധ്യാപകരും സാമുഹ്യ പ്രവർത്തന രംഗത്തെ മറ്റു പ്രഗൽഭരും വിവിധ വിഷയങ്ങളെ അധികരിച്ച് 135 ഓളം പ്രബന്ധങ്ങൾ അവതരിപ്പിച്ചു. സോഷ്യൽവർക്ക് കോൺഗ്രസ് സംഘടിപ്പിക്കാൻ പ്രയത്നിച്ച സോഷ്യൽ വർക്ക് മേധാവിയേയും സഹപ്രവർത്തകരേയും വിദ്യാർത്ഥികളെയും പ്രത്യേകം അഭിനന്ദിക്കുന്നു.

8. 2017-18 അദ്ധ്യയന വർഷത്തേക്കുള്ള എം.ഫിൽ പി.എച്ച്.ഡി പ്രവേശന ത്തിനുള്ള വിജ്ഞാപനം പുറത്തിറങ്ങുകയും പ്രവേശന നടപടികൾ ആരംഭിക്കുകയും ചെയ്തു.

9. സർവകലാശാലയുടെ രജത ജൂബിലി ആഘോഷങ്ങളോടനുബന്ധിച്ച് സ്റ്റിയറിംഗ് കമ്മറ്റിയും അനുബന്ധ കമ്മറ്റികളും 12.10.2017 ന് രൂപീകരിച്ചു. പരിപാടിയുടെ ഭാഗമായുള്ള സ്വാഗത സംഘ രൂപവൽക്കരണ യോഗം ഒക്ടോബർ 31 ന് നടത്തി. അലുമ്നി, പി.ടി.എ സംയുക്ത മീറ്റിംഗ് 22.11.2017 ന് വിളിച്ചുചേർത്തു.

ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ 2017 ഡിസംബർ 11 – ാം തീയതി രാവിലെ 10.30 ന് രജത ജൂബിലി ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്യാമെന്ന് ഏറ്റിട്ടു ്. ഉദ്ഘാടനവുമായി ബന്ധപ്പെട്ട ഒരുക്കങ്ങൾ അടിയന്തിരമായി ചെയ്യണമെന്ന് 23.11.2017 ന് കൂടിയ സ്റ്റിയറിംഗ് കമ്മറ്റി യോഗം തീരുമാനിച്ചിട്ടു ്.

10. സർവകലാശാലകളെയും കോളേജുകളെയും മികവിന്റെ കേന്ദ്രങ്ങളാക്കുക യെന്ന ലക്ഷ്യത്തോടെ റൂസ കേരള സംസ്ഥാന പ്രോജക്റ്റ് ഡയറക്ടറേറ്റിന്റെ നേതൃത്വത്തിൽ ആരംഭിക്കുന്ന നൂതന പദ്ധതിയായ ശാസ്ത്രയാന്റെ ആദ്യ ഘട്ടത്തിൽ പങ്ക് ചേരാനുള്ള അപേക്ഷ സംസ്കൃത സർവകലാശാല സമർപ്പിക്കാനും പദ്ധതിയെ സംബന്ധിച്ചുള്ള രൂപരേഖ തയ്യാറാക്കാനുള്ള കോ-ഓർഡിനേറ്ററായി ജ്യോഗ്രഫി വകുപ്പ് അസ്സോസിയേറ്റ് പ്രൊഫസർ ഡോ. സാജു ടി.എസ് നെ ചുമതലപ്പെടുത്താനും 24.11.2017 ലെ സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചു.

11. റൂസ ഫ ് വിനിയോഗത്തിന്റെ പുരോഗതി പരിശോധിക്കുന്നതിനു വേ ി കേരള റൂസയുടെ നേതൃത്വത്തിൽ ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പ് സർവകലാശാലയിൽ 28.11.2017 ന് സന്ദർശനം നടത്തി.

12. സർവകലാശാലയുടെ വിവിധ പഠന വകുപ്പുകൾ ഈ കാലയളവിൽ ശിൽപശാലകളും, ദേശീയ സെമിനാറുകളും വിജയകരമായി സംഘടിപ്പിച്ചു. ദേശീയ തലത്തിൽ ശ്രദ്ധ നേടിയ നിരവധി അക്കാദമിക പണ്ഡിതരുടെ സാന്നിദ്ധ്യം കൊ ് ഈ അക്കാദമിക പരിപാടികൾ വിജയകരമായി.

13. ലളിത കലാ അക്കാദമിയുടെ 2016-17 ഓണറബിൾ മെൻഷൻ അവാർഡ് നേടിയ എം.എഫ്.എ ശിൽപകല (2015-17) വിദ്യാർത്ഥിയായ ശ്രീകുമാർ കെ.യു, സ്റ്റുഡൻസ് മെൻഷൻ അവാർഡ് നേടിയ അരുൺ രവി, എം.എഫ്.എ പെയിന്റിംഗ് (2015-17), റിങ്കു അഗസ്റ്റിൻ എം.എഫ്.എ പെയിന്റിംഗ് (2017-19), കേരള സർക്കാരിന്റെ യുവ ഗായകനുള്ള ഈ വർഷത്തെ ചെമ്പൈ പുരസ്കാരം നേടിയ സംഗീത വിഭാഗത്തിലെ എം.ഫിൽ പൂർവ്വ വിദ്യാർത്ഥിയായ ശ്രീ. വിവേക്. പി, സംഗീത വിദുഷി എം.എസ് സുബ്ബലക്ഷ്മിയുടെ സ്മരണാർത്ഥം 'ദി ഹിന്ദു'വിന്റെ നേതൃത്വത്തിൽ നടത്തിയ ദേശീയ സംഗീത മൽസരത്തിൽ ഒന്നാം സ്ഥാനം നേടിയ എം.എ മ്യൂസിക് (2015-2017) വിദ്യാർത്ഥിയായിരുന്ന മുരളി സംഗീത്. വി എന്നിവരെ ഈ അവസരത്തിൽ അഭിനന്ദിക്കുന്നു.

14. കേന്ദ്ര സാഹിത്യ അക്കാദമിയുമായി സഹകരിച്ച് സംസ്കൃത സാഹിത്യ വിഭാഗം ശില്പശാല സംഘടിപ്പിച്ചു.

എല്ലാവരുടേയും സഹകരണവും ക്രിയാത്മകമായ നിർദ്ദേശങ്ങളും പ്രതീക്ഷിച്ചുകൊ ് അജൻഡകളിൽമ്മേലുള്ള ചർച്ചകൾക്കായി ഏവരേയും ക്ഷണിച്ചുകൊള്ളുന്നു.

## II. പരിഗണനയ്ക്കുള്ള വിഷയങ്ങൾ (Items for consideration)

### ഐറ്റം നമ്പർ 1

തമിഴ്നാട് സെൻട്രൽ യൂണിവേഴ്സിറ്റിയിൽനിന്നും എം.എ. ഇംഗ്ലീഷ് സ്റ്റഡീസ് കോഴ്സ് പൂർത്തിയാക്കിയ ശ്രീമതി അപർണ എം.ന് തുല്യതാ സർട്ടിഫിക്കറ്റ് നൽകിയത് - സാധൂകരണം - സംബന്ധിച്ച്. (നം.എസിഡി.എ2/15546/എസ്.എസ്.യു.എസ്/2016)

അക്കാദമിക് കൗൺസിൽ യോഗം 03.08.2017 ൽ കൂടിയ തുല്യതാ കമ്മിറ്റിയുടെ ശിപാർശ പരിഗണിച്ച് തമിഴ്നാട് സെൻട്രൽ യൂണിവേഴ്സിറ്റിയിൽനിന്നും എം.എ. ഇംഗ്ലീഷ് സ്റ്റഡീസ് കോഴ്സ് പൂർത്തിയാക്കിയ ശ്രീമതി അപർണ എം.ന് തുല്യതാ സർട്ടിഫിക്കറ്റ് നൽകിയ വൈസ് ചാൻസിലറുടെ ചുമതല വഹിക്കുന്ന പ്രൊ വൈസ് ചാൻസിലറുടെ നടപടി സാധൂകരിക്കാൻ തീരുമാനിച്ചു.

### ഐറ്റം നമ്പർ 2

5-ാം സെമസ്റ്റർ ബി.എ. പ്രോഗ്രാമുകളുടെ പ്രൊജക്ട് വർക്കിന്റെ മൂല്യനിർണ്ണയം - നിലവിലുള്ള മാർഗ്ഗരേഖയിൽ മാറ്റങ്ങൾ വരുത്തിയത് - അംഗീകാരം - സംബന്ധിച്ച്. (നം.എസിഡി.സി2/13423/മോഡിഫിക്കേഷൻ-സിബിസിഎസ്എസ്/എസ്.എസ്.യു.എസ്/12)

19.10.2017 ൽ കൂടിയ സിൻഡിക്കേറ്റ് പരീക്ഷാ സ്ഥിരം സമിതിയുടെ താഴെ പറയുന്ന തീരുമാനങ്ങൾ സിൻഡിക്കേറ്റിന്റെ സാധൂകരണത്തിന് വിധേയമായി നടപ്പിലാക്കാൻ അനുമതി നൽകിയ വൈസ് ചാൻസിലറുടെ ചുമതല വഹിക്കുന്ന പ്രൊ വൈസ് ചാൻസിലറുടെ നടപടി അംഗീകരിക്കാൻ തീരുമാനിച്ചു.

1. 2015 റെഗുലേഷൻ പ്രകാരമുള്ള 5-ാം സെമസ്റ്ററിലെ പ്രൊജക്ട് വർക്കിന്റെ മൂല്യം മാർക്കിൽ ആക്കാനും, ആകെയുള്ള 100 മാർക്കിൽ 80 മാർക്ക് എക്സ്റ്റേണലിന്റെ മൂല്യനിർണ്ണയത്തിനും നൽകാൻ തീരുമാനിച്ചു. എക്സ്റ്റേണലിന്റെ മൂല്യനിർണ്ണയം സർവകലാശാലയിലെ പ്രസ്തുത കോഴ്സിന്റെ ക്ലാസ്സിൽ ഏർപ്പെടാത്ത അദ്ധ്യാപകനെ ചുമതലപ്പെടുത്തുക.
2. പ്രൊജക്ട് വർക്കിന്റെ ഉള്ളടക്കം ചുരുങ്ങിയത് 15-25 പേജെങ്കിലും വേണമെന്നും നിഷ്കർഷിക്കുക
3. മാർഗ്ഗരേഖയിലെ മറ്റ് വ്യവസ്ഥകൾ മാറ്റമില്ലാതെ തുടരുക
4. മുകളിൽ പറഞ്ഞ ഭേദഗതികളോടെ നിലവിലുള്ള മാർഗ്ഗരേഖ പുതുക്കുക

### ഐറ്റം നമ്പർ 3

യു.ജി.സി. റെഗുലേഷൻ 2010-ന്റെ ര ാം ഭേദഗതി സർവകലാശാലയിൽ ബാധകമാക്കിക്കൊ ുള്ള അക്കാദമിക് കൗൺസിലിന്റെ ഉത്തരവ് റദ്ദ് ചെയ്യുന്നത് - സംബന്ധിച്ച്. (നം.എസിഡി.എ2/15021/എസ്.എസ്.യു.എസ്/2010)

അക്കാദമിക് കൗൺസിൽ യോഗം പ്രസ്തുത വിഷയം വിശദമായി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ യു.ജി.സി. റെഗുലേഷൻ 2010-ന്റെ ര ാം ഭേദഗതി സർവകലാശാലയിൽ ബാധകമാക്കിക്കൊ ുള്ള മുൻ അക്കാദമിക് കൗൺസിലിന്റെ ഉത്തരവ് റദ്ദാക്കാൻ അനുമതി നൽകിയ വൈസ് ചാൻസിലറുടെ ചുമതല വഹിക്കുന്ന പ്രൊ വൈസ് ചാൻസിലറുടെ നടപടി സാധൂകരിക്കാൻ തീരുമാനിച്ചു.

**ഐറ്റം നമ്പർ 4**

2015 ബി.എ. പ്രവേശനത്തിന്റെ ബിരുദ സർട്ടിഫിക്കറ്റുകളുടെ കരട് ഫോർമാറ്റ് – അംഗീകരിക്കുന്നത് – സംബന്ധിച്ച്.
(നം.എസിഡി.സി2/13423/മോഡിഫിക്കേഷൻ–സിബിസിഎസ്എസ്/എസ്.എസ്.യു.എസ്/12)

അക്കാദമിക് കൗൺസിൽ യോഗം പ്രസ്തുത വിഷയം വിശദമായി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ 2015 ബി.എ. പ്രവേശനത്തിന്റെ ബിരുദ സർട്ടിഫിക്കറ്റുകളുടെ കരട് ഫോർമാറ്റ് നിർദ്ദേശിച്ച മാറ്റങ്ങൾ വരുത്തി അംഗീകരിച്ചു. അംഗീകരിച്ച ഫോർമാറ്റ് (അനുബന്ധം I) ഉള്ളടക്കം ചെയ്യുന്നു.

**ഐറ്റം നമ്പർ 5**

എം.എസ്.സി. ബിരുദ കോഴ്സുകളുടെ സർട്ടിഫിക്കറ്റ് ഫോർമാറ്റുകൾ – അംഗീകരിക്കുന്നത് – സംബന്ധിച്ച്.
(നം.എസിഡി.സി1/2603/എസ്.എസ്.യു.എസ്/2017)

അക്കാദമിക് കൗൺസിൽ യോഗം പ്രസ്തുത വിഷയം വിശദമായി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ മറ്റു സർവകലാശാലകളിൽ സർട്ടിഫിക്കറ്റുകളിൽ നാക് എ ഗ്രേഡ് ഉൾപ്പെടുത്തിയിട്ടു ് എന്ന് പരിശോധിച്ച് ഉചിതമായ തീരുമാനം എടുക്കുവാൻ സിൻഡിക്കേറ്റ് പരീക്ഷാ സ്ഥിരം സമിതിയെ ചുമതലപ്പെടുത്തുവാനും അതുവരെ തൽസ്ഥിതി തുടരുവാനും നിർദ്ദേശിച്ചു. എം.എസ്.സി. ബിരുദ സർട്ടിഫിക്കറ്റിന്റെ ഫോർമാറ്റ് (അനുബന്ധം II) യോഗം അംഗീകരിച്ചു.

**ഐറ്റം നമ്പർ 6**

എം.എഫ്.എ. ഡിഗ്രി പ്രവേശനത്തിന് എസ്.സി/എസ്.ടി വിഭാഗത്തിന് നിയമാനുസൃതമുള്ള മാർക്കിളവ് അനുവദിക്കുന്നത് – സംബന്ധിച്ച്.
(നം.എസിഡി.ബി1/14777/എസ്.എസ്.യു.എസ്/2017)

അക്കാദമിക് കൗൺസിൽ യോഗം പ്രസ്തുത വിഷയം വിശദമായി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ എസ്.സി/എസ്.ടി വിഭാഗത്തിന് നിയമാനുസൃതം ലഭിക്കേ 5% മാർക്കിളവ് എം.എഫ്.എ. ഡിഗ്രി പ്രവേശനത്തിന് ബാധകമാക്കുന്ന വിധത്തിൽ നിലവിലുള്ള എം.എഫ്.എ. റെഗുലേഷനിൽ മുൻകാല പ്രാബല്യത്തോടെ ഭേദഗതി വരുത്തുന്നതിന് അനുമതി നൽകാൻ തീരുമാനിച്ചു. മാർക്ക് നിബന്ധന ബാധകമാക്കിയിട്ടുള്ള എം.പി.എഡ്. തുടങ്ങിയ മറ്റ് പ്രോഗ്രാമുകളുടെ പ്രവേശനത്തിനും എസ്.സി/എസ്.ടി. വിഭാഗത്തിന് നിയമാനുസൃതമായി ലഭിക്കേ 5% മാർക്കിളവ് ബാധകമാക്കി ഭേദഗതി വരുത്തുന്നതിന് തീരുമാനിച്ചു.

## III. **പ്രമേയങ്ങൾ** (Resolutions)

**ഐറ്റം നമ്പർ 7**

ഡോ.നിഷ വേണുഗോപാൽ നിർദ്ദേശിച്ച് ഡോ.സി.എം.മനോജ്കുമാർ പിന്താങ്ങുന്ന പ്രമേയം

ഇംഗ്ലീഷ് വകുപ്പിലെ അദ്ധ്യാപകരുടെ കുറവും ഇംഗ്ലീഷിൽ എം.ഫിൽ തുടങ്ങുന്നതും പരിഗണിച്ച് ഇന്ദിരാഗാന്ധി സെന്റർ ഫോർ ജെന്റർ സ്റ്റഡീസ് ഇംഗ്ലീഷ് ഡിപ്പാർട്ടുമെന്റിൽനിന്ന് വേർതിരിക്കുന്നത് അംഗീകരിച്ചു. ഈ സെന്റർ കാമ്പസിൽ നിലനിർത്തുന്നതിനും ഏത് പഠന വകുപ്പുമായി ബന്ധിപ്പിക്കണം എന്നത് പരിശോധിച്ച്

റിപ്പോർട്ട് സമർപ്പിക്കുവാൻ ഡോ.ദിലീപ് കെ.ജി. കൺവീനറും ഡോ.യമുന, ഡോ.സാജു ടി.എസ്. എന്നിവർ അംഗങ്ങളുമായുള്ള ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തി.

**ഐറ്റം നമ്പർ 8**

ഡോ.സി.എം.മനോജ്കുമാർ നിർദ്ദേശിച്ച് ഡോ.നിഷ വേണുഗോപാൽ പിന്താങ്ങുന്ന പ്രമേയം

മറ്റു വകുപ്പുകൾക്ക് അനുരൂപമായി ഇംഗ്ലീഷ് എം.എ. പ്രോഗ്രാമിന്റെ സീറ്റുകളുടെ എണ്ണം 20 ആക്കി നിജപ്പെടുത്തുന്നത് അംഗീകരിച്ചു.

**ഐറ്റം നമ്പർ 9**

ഡോ.ബിജു വിൻസന്റ് നിർദ്ദേശിച്ച് ഡോ.ടി.എസ്.സാജു പിന്താങ്ങുന്ന പ്രമേയം

അടുത്ത അക്കാദമിക വർഷം മുതൽ ഈ സർവകലാശാലയിൽ ഗവേഷണം ചെയ്യുന്ന ഗവേഷകരെ ഇവിടെത്തന്നെ ഗസ്റ്റ് അദ്ധ്യാപകരായി നിയമിക്കുന്ന രീതി ഒഴിവാക്കി ഗവേഷണത്തെ പരിപോഷിപ്പിക്കുന്ന സാഹചര്യങ്ങൾ ഒരുക്കണമെന്നുള്ള പ്രമേയം വിശദമായി ചർച്ച ചെയ്യുകയും തീരുമാനത്തിനായി മാറ്റിവയ്ക്കുകയും ചെയ്തു.

**ഐറ്റം നമ്പർ 10**

ഡോ.സംഗമേശൻ കെ.എം. നിർദ്ദേശിച്ച് ഡോ.സി.എം.മനോജ്കുമാർ പിന്താങ്ങുന്ന പ്രമേയം

ബിരുദ പ്രോഗ്രാമുകൾക്ക് പ്രത്യേകിച്ച് ഇംഗ്ലീഷിനും ര ാം ഭാഷയ്ക്കും പാഠപുസ്തകങ്ങൾ തയ്യാറാക്കി പ്രസിദ്ധീകരിക്കുവാൻ തീരുമാനിച്ചു.

**ഐറ്റം നമ്പർ 11**

ഡോ.സി.എം.മനോജ്കുമാർ നിർദ്ദേശിച്ച് ഡോ.സംഗമേശൻ കെ.എം. പിന്താങ്ങുന്ന പ്രമേയം

പി.എച്ച്.ഡി. ബിരുദം നൽകുന്നതിന് എല്ലാ വർഷവും ബിരുദദാനച്ചടങ്ങ് നടത്തുന്നതിനുള്ള പ്രമേയം തത്വത്തിൽ അംഗീകരിക്കുകയും ഉചിതമായ തീരുമാനം എടുക്കാൻ സിൻഡിക്കേറ്റിനോട് ആവശ്യപ്പെടുകയും ചെയ്തു.

**സപ്ലിമെന്ററി അജ**

## I. **പരിഗണനയ്ക്കുള്ള വിഷയങ്ങൾ** (Items for consideration)

**ഐറ്റം നമ്പർ 1**

വിദൂര വിദ്യാഭ്യാസത്തിലൂടെ രാഷ്ട്രീയ സാൻസ്ക്രിറ്റ്സൻസ്ഥാൻ ന്യൂഡൽഹിയുടെ ആചാര്യ എം.എ. സംസ്കൃതം (നവ്യ വ്യാകരണം സ്പഷലൈസേഷൻ) കോഴ്സ് പൂർത്തിയാക്കിയ ശ്രീ പി.വി.സുന്ദരന് തുല്യത സർട്ടിഫിക്കറ്റ് നൽകിയത് – സാധൂകരണം – സംബന്ധിച്ച്. (No.Acd.A2/8693/SSUS/2015)

അക്കാദമിക് കൗൺസിൽ യോഗം 19.06.2017 ൽ കൂടിയ തുല്യതാ കമ്മിറ്റിയുടെ ശിപാർശ പരിഗണിച്ച് വിദൂര വിദ്യാഭ്യാസത്തിലൂടെ രാഷ്ട്രീയ സാൻസ്ക്രിറ്റ് സൻസ്ഥാൻ ന്യൂഡൽഹിയുടെ ആചാര്യ എം.എ. സംസ്കൃതം (നവ്യ വ്യാകരണം സ്പഷലൈസേഷൻ) കോഴ്സ് പൂർത്തിയാക്കിയ ശ്രീ പി.വി.സുന്ദരന് തുല്യത സർട്ടിഫിക്കറ്റ് നൽകിയ വൈസ് ചാൻസിലറുടെ നടപടി സാധൂകരിക്കാൻ തീരുമാനിച്ചു.

**ഐറ്റം നമ്പർ 2**

Draft Regulations for Internal Quality Assurance Cell – reg.
(No.Pl.D.B/NAAC/09/SSUS/2015)

Deferred

**ഐറ്റം നമ്പർ 3**

Award of Ph.D. to various candidates – reg. (No.EA/4513/2010/SSUS)

The Academic Council resolved to confirm the award of Ph.D. Degree to various candidates in their respective faculties. The details of the candidates are appended as Annexure –III.

**ഐറ്റം നമ്പർ 4**

യു.ജി.സി.യുടെ പ്ലാഗിയറിസം റഗുലേഷൻ 2017 ന്റെ കരട് പരിശോധനയ്ക്കും നിർദ്ദേശങ്ങൾക്കും സമർപ്പിക്കുന്നത് - സംബന്ധിച്ച്. (No.Acd.B1/14928/SSUS/2017)

യു.ജി.സി.യുടെ പ്ലാഗിയറിസം റഗുലേഷൻ 2017 ന്റെ കരട് പരിശോധനയ്ക്കും നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുമായി ഒരു കമ്മിറ്റി രൂപീകരിക്കുവാൻ വൈസ് ചാൻസിലറെ ചുമതലപ്പെടുത്തി.

**ഐറ്റം നമ്പർ 5**

വിദ്യാർത്ഥികൾക്ക് സീറോസെമസ്റ്റർ അനുവദിച്ചത് - സാധൂകരണം - സംബന്ധിച്ച്. (No.14928/Acd.B2/SSUS/2017)

അക്കാദമിക് കൗൺസിൽ യോഗം 22.11.2017 ൽ കൂടിയ സീറോ സെമസ്റ്റർ കമ്മിറ്റിയുടെ ശിപാർശ പരിഗണിച്ച് സജിൻ ബാബു ബി.എസ്, വീണ വി.ആർ, പ്രിൻസ് അവറാച്ചൻ എന്നീ വിദ്യാർത്ഥികൾക്ക് സീറോ സെമസ്റ്റർ പഠനം അനുവദിച്ച വൈസ് ചാൻസിലറുടെ ചുമതല വഹിക്കുന്ന പ്രൊ വൈസ് ചാൻസിലറുടെ നടപടി സാധൂകരിക്കാൻ തീരുമാനിച്ചു.

**ഐറ്റം നമ്പർ 6**

എം.ഫിൽ-പി.എച്ച്ഡി. പുതുക്കിയ നിയമാവലി - സംബന്ധിച്ച്.
(No. Acd.A1/2555/SSUS/2017)

അക്കാദമിക് കൗൺസിൽ യോഗം പ്രസ്തുത വിഷയം ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഭേദഗതികളോടെ എം.ഫിൽ-പിഎച്ച്ഡി. നിയമാവലിയുടെ കരടു രൂപം അംഗീകരിക്കാൻ തീരുമാനിച്ചു. അംഗീകരിച്ച നിയമാവലി (അനുബന്ധം IV) ഉള്ളടക്കം ചെയ്യുന്നു.

**ഐറ്റം നമ്പർ 7**

Awarding of Degrees/Diploma – MSW, MFA, PG Diploma and Diploma Examinations conducted on April/May 2017 – reg. (No.ED/11297/SSUS/2012)

The Academic Council discussed the matter in detail and resolved to approve the award of degrees/diploma – MSW, MFA, PG Diploma and Diploma Examinations conducted on April/May 2017. The numbers of students passed in each course are detailed below:

| Sl. No. | Name of Programme | No. of students passed | Date of Publication of Result |
|---|---|---|---|
| 1 | MSW | 113 | 01.08.2017 |
| 2 | MFA | 16 | 02.08.2017 |
| 3 | PG Diploma (Hindi) | 33 | 29.06.2017 |
| 4 | Diploma (Ayurveda) | 18 | 24.06.2017 |

**ഐറ്റം നമ്പർ 8**

BA (2015 Admission) Consolidated Mark Cum Grade Card – Format and correction of the anomalies noted in the B.A. 2015 Admission Regulation – Placed before the Academic Council – reg. (No.Acd.C2/13423/Modification-CBCSS/SSUS/12)

The Academic Council discussed the matter in detail and resolved to approve the format of Consolidated Mark Cum Grade Card and corrected the following anomalies noted in the B.A. 2015 Admission Regulations (1) To delete clause 12 as it is contradictory to clause 10:9 (2) To follow clause 11:2 for issuing the mark cum Grade Card. The approved format (അനുബന്ധം V) is appended.

**ഐറ്റം നമ്പർ 9**

B.A. (CBCSS)/BFA Degree Examinations April 2017 – Results Published – Reporting – Award of Degrees – reg. (No.EC/9458/SSUS/2017)

The Academic Council discussed the matter in detail and resolved to approve the award of degrees to the candidates who have successfully completed the BA (CBCSS)/BFA Degree Examination conducted in April 2017.

**ഐറ്റം നമ്പർ 10**

എം.എ./എം.പി.എഡ് ഡിഗ്രി–2017 ഏപ്രിൽ മാസം നടന്ന നാലാം സെമസ്റ്റർ പരീക്ഷകളിൽ വിജയികളായ വിദ്യാർത്ഥികൾക്ക് ബിരുദം നൽകുന്നത് - സംബന്ധിച്ച്. (No.EB/2694/SSUS/2017)

അക്കാദമിക് കൗൺസിൽ യോഗം പ്രസ്തുത വിഷയം ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ 2017 ഏപ്രിൽ മാസം നടന്ന നാലാം സെമസ്റ്റർ പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചത് അംഗീകരിക്കാനും ഈ പരീക്ഷകൾ വിജയകരമായി പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് ഡിഗ്രി അവാർഡ് ചെയ്യുന്നതിന് അനുമതി നൽകാനും തീരുമാനിച്ചു.

## അഡീഷണൽ അജ□

### ഐറ്റം നമ്പർ 1

പിഎച്ച്.ഡി. റഗുലേഷൻ പ്രകാരം കാലാവധി കഴിഞ്ഞ ഗവേഷകർക്ക് തിസീസ് സമർപ്പിക്കാൻ സമയം അനുവദിക്കുന്നത് –സംബന്ധിച്ച്.
(നം.എസിഡി എ1/2526/എസ്.എസ്.യു.എസ്/2017)

അക്കാദമിക് കൗൺസിൽ യോഗം പ്രസ്തുത വിഷയം ചർച്ച ചെയ്തു. പി.എച്ച്.ഡി. റഗുലേഷൻ പ്രകാരം കാലാവധി കഴിഞ്ഞ ഗവേഷകർക്ക് തിസീസ് സമർപ്പിക്കുന്നതിന് 31.12.2018 വരെ അനുമതി നൽകാൻ തീരുമാനിച്ചു.

### ഐറ്റം നമ്പർ 2

സർവകലാശാല പഠനവിഭാഗങ്ങളിലേക്ക് അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ നിയമനം നടത്തുന്നതിന് ഇൻഡക്സ് മാർക്ക് നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ – സംബന്ധിച്ച്.
(നം.എഡിഡി/8802/എസ്.എസ്.യു.എസ്/2017)

അക്കാദമിക് കൗൺസിൽ യോഗം പ്രസ്തുത വിഷയം ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ സിൻഡിക്കേറ്റ് നിർദ്ദേശിച്ച ഭേദഗതിയോടെ അംഗീകരിക്കുവാൻ തീരുമാനിച്ചു. അംഗീകരിച്ച മാർഗ്ഗനിർദ്ദേശങ്ങൾ (അനുബന്ധം VI) ഉള്ളടക്കം ചെയ്യുന്നു.

## ഔട്ട് ഓഫ് അജ□

### ഐറ്റം നമ്പർ 1

വിദ്യാർത്ഥികൾക്ക് ലഭിച്ച ഗ്രേഡ്, ശതമാനത്തിലേക്ക് മാറ്റുന്നതിലെ അവ്യക്തത – സംബന്ധിച്ച്.

ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളുടെ ഫൈനൽ ഗ്രേഡ് പോയിന്റ് ശതമാനത്തിലേക്ക് മാറ്റുന്നത് സംബന്ധിച്ച വിഷയം യോഗത്തിൽ അവതരിപ്പിക്കുകയും, ചർച്ചകൾക്ക് ശേഷം ഇത് സംബന്ധിച്ച് പഠിച്ച് ആവശ്യമെങ്കിൽ ഒരു കൺവേർഷൻ ടേബിൾ ഉൾപ്പെടെ റിപ്പോർട്ട് സമർപ്പിക്കുവാൻ ഡോ.ബിജു വിൻസന്റ്, ഡോ.വിജയമോഹനൻ പിള്ള, ശ്രീ പ്രസാദ് ടി.എസ്. എന്നിവരടങ്ങിയ ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തി.

കൂടാതെ B+ ഗ്രേഡ് ഇല്ലാത്തതു കൊ ് ഗോകുൽ ചന്ദ്രശേഖരന് പ്രവേശനം നൽകേ തില്ല എന്നും തീരുമാനിച്ചു.

യോഗം 2.00 മണിക്ക് സമാപിച്ചു.

**ഒപ്പ്**
**ഡോ.ടി.പി.രവീന്ദ്രൻ**
**രജിസ്ട്രാർ**